# നമ്മെ മറക്കാത്ത ദൈവം

## ലൂക്കോസ് 23:42

**"പിന്നെ അവൻ: യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ എന്നു പറഞ്ഞു."**

ഏവർക്കും വളരെ സുപരിചിതമായ വേദഭാഗമാണ് ഇന്നത്തെ നമ്മുടെ ചിന്താവിഷയം. യേശുക്രിസ്തുവിനൊപ്പം ക്രൂശിക്കപ്പെട്ട ദുഷ്പ്രവൃത്തിക്കാരിലൊരുവൻ, തന്റെ ജീവിതത്തിന്റെ അവസാനനിമിഷിൽ, മാനസാന്തരത്തോടെ കർത്താവിനോട് പ്രാർത്ഥിക്കുന്ന രംഗമാണിത്. എന്നാൽ ഇതുപോലെ തന്റെ ജീവിതത്തിന്റെ അവസാന സമയത്ത് "എന്നെ ഓർക്കേണമേ" എന്ന് ദൈവത്തോടായി പ്രാർത്ഥിച്ച മറ്റൊരു വ്യക്തിയെ നമുക്ക് പഴയനിയമത്തിൽ ന്യാധിപന്മാരുടെ പുസ്തകത്തിൽ കാണാം, ദൈവത്തിന്റെ ബലം ധരിച്ചവനായ ശിംശോൻ.

അമാനുഷീകമായ ശക്തി ദൈവത്തിൽ നിന്നു അനുഭവിച്ചവനായിരുന്നു ശിംശോൻ. അവൻ ജനിച്ച നാൾ, മുതൽ ദൈവത്തെ സേവിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവനും, യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനുമായിരുന്നു. ഒരിക്കൽ അവന്നു നേരെ പാഞ്ഞടുത്ത ഒരു ബാലസിംഹത്തെ, യഹോവയുടെ ശക്തിയാൽ അവൻ കീറിക്കളഞ്ഞു. മറ്റൊരിക്കൽ മുന്നൂറ് കുറുക്കന്മാരെ പിടിച്ച് വാലോടു വാൽ ചേർത്ത്, ഈരണ്ടു വാലിന്നിടയിൽ പന്തങ്ങൾ വെച്ചു കെട്ടി, ഫെലിസ്ത്യരുടെ വിളവിലേക്ക് വിട്ട്, വിളവെല്ലാം ചുട്ടുകരിച്ചു. പിന്നീടൊരിക്കൽ കഴുതയുടെ പച്ചത്താടിയെല്ല് കൊണ്ട് ആയിരം ഫെലിസ്ത്യരെ ഒറ്റയ്ക്ക് നേരിട്ട് സംഹരിച്ച ചരിത്രവും ശിംശോനുണ്ട്.

ഇവയെല്ലാമായിരുന്നെങ്കിലും, ദലീല എന്ന സ്ത്രീയുടെ വശീകരണത്തിൽ പെട്ട്, തനിക്കുണ്ടായിരുന്ന ദൈവത്തിന്റെ മഹാശക്തി അവന്നു നഷ്ടപ്പെടുകയും, തുടർന്ന് ഫെലിസ്ത്യർ അവനെ കീഴടുക്കുകയും ചെയ്തതായി നാം കാണുന്നു. അതു മാത്രമല്ല ഫെലിസ്ത്യർ അവന്റെ കണ്ണു കുത്തിപ്പൊട്ടിച്ച്, ചെമ്പു ചങ്ങല കൊണ്ട് ബന്ധിച്ച്, കാരാഗൃഹത്തിൽ മാവു പൊടിക്കുന്ന ജോലിയിൽ ആക്കി. ശിംശോനുണ്ടായ ദുരവസ്ഥ ജീവിതത്തിൽ നമുക്കൊരു പാഠമാണ്. ദൈവത്തോടു ചേർന്നു നിൽക്കുമ്പോൾ, അവന്റെ വചനം പാലിക്കുമ്പോൾ, നമ്മിൽ വ്യാപരിക്കുന്ന ദൈവകൃപ; നമ്മുടെ കുറവുകൾ കൊണ്ട് നമ്മിൽ നിന്നു നഷ്ടപ്പെട്ടാൽ, അത് നമ്മെ ലോകരുടെ മുമ്പിൽ പരസ്യക്കോലമാക്കുമെന്നുള്ളതിന്നു ശിംശോന്റെ ജീവിതം തെളിവായി നിൽക്കുന്നു. നമ്മിലോരോരുത്തരിലും വ്യാപരിക്കുന്നതു ദൈവത്തിന്റെ ശക്തിയാണ്. വിശ്വാസ ജീവിതത്തിൽ ക്ഷീണിക്കാതെ നാം മുമ്പോട്ട് പോകുന്നത് അവന്റെ കൃപ ഒന്നു കൊണ്ടു

മാത്രമാണ്. നമ്മുടെ ജീവിതത്തിന്റെ ഒടുക്കംവരെ ദൈവത്തിന്റെ ശക്തിയും അവന്റെ കൃപയും കൂടിയേ തീരൂ. അവയെ വെച്ച് നാം ജീവിതത്തിൽ വളരെ ലാഘവത്തോടെ പ്രവർത്തിക്കരുത്. ദൈവത്തിന്റെ മഹാശക്തി നമ്മിൽ നിന്നും നഷ്ടപ്പെട്ടാൽ നാം അശേഷം മനുഷ്യർ മാത്രമാണെന്ന് ശിംശോന്റെ ചരിത്രം നമ്മെ ബുദ്ധി ഉപദേശിക്കുന്നു.

പ്രിയരേ, ഇങ്ങനെയൊക്കെ ശിംശോന്റെ ജീവിതത്തിൽ സംഭവിച്ചു എങ്കിലും, എബ്രായർക്ക് എഴുതിയ ലേഖനം അദ്ധ്യായം 11 ൽ വിശ്വാസവീരന്മാരുടെ കൂട്ടത്തിൽ ശിംശോനെ ഓർക്കുവാൻ കാരണം ദൈവം അവനെ ഓർത്തതുകൊണ്ടായിരുന്നു. ശിംശോന്റെ പുറമേയുള്ള കണ്ണുകൾ എന്നേക്കും അടഞ്ഞിരിന്നു എങ്കിലും അവന്റെ അകകണ്ണു പ്രകാശിതമായി. അവൻ ദൈവത്തോടായി ഏറ്റവും അവസാനമായി പ്രാർത്ഥിച്ചതും ദൈവം അവനോടായി ഉത്തരമരുളിയതും ആയ പ്രാർത്ഥനയത്രേ "ദൈവമേ, ഞാൻ എന്റെ രണ്ടു കണ്ണിന്നും വേണ്ടി ഫെലിസ്ത്യരോടു പ്രതികാരം ചെയ്യേണ്ടതിന്നു ഈ ഒരു പ്രാവശ്യം മാത്രം എനിക്കു ശക്തി നൽകേണമേ" (ന്യായാധിപന്മാർ 16:28).

ഒരു കാലത്ത് വീറോടെ കർത്താവിനായി അദ്ധ്വാനിച്ച്, അവന്റെ രാജ്യത്തിനു വേണ്ടി പൊരുതിയവർ, ഇന്ന് ശക്തി നഷ്ടപ്പെട്ട് നിരാശ പൂണ്ട് കഴിയുന്നുണ്ടെങ്കിൽ, പ്രിയ ദൈവപൈതലേ, താങ്കളെ എഴുതിത്തള്ളുവാൻ ദൈവത്തിന്നു ഇതുവരെ ആയിട്ടും മനസ്സായിട്ടില്ല. കാരണം, കർത്താവേ എന്നെ ഓർക്കേണമേ എന്ന ഹൃദയത്തകർച്ചയോടെയുള്ള പ്രാർത്ഥനകൾ ദൈവം ഇന്നും കേൾക്കുകയും, ക്ഷീണിച്ചിരിക്കുന്നവർക്ക് പൂർവ്വാധികം ശക്തി നൽകുകയും ചെയ്വാൻ അവൻ തയ്യാറായിത്തന്നെ നിൽക്കുന്നു. മടങ്ങി വന്ന് "കർത്താവേ എന്നെയും ഓർക്കേണമേ" എന്ന് അവന്നോടായി പ്രാർത്ഥിക്കുവാൻ നിനക്കു മനസ്സുണ്ടോ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

ന്യായിധപന്മാർ 16:28

അപ്പോൾ ശിംശോൻ യഹോവയോടു പ്രാർത്ഥിച്ചു: കർത്താവായ യഹോവേ എന്നെ ഓർക്കേണമേ;

**ബ്രദർ. ബിനു ബേബി ആലപ്പുഴ 196**